പണിപൂർത്തിയാകാത്ത മൈനർ ഇറിഗേഷൻ പദ്ധതികൾ

33 (258) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പണി പൂർത്തിയാകാതെ എത്ര മൈനർ ഇറിഗേഷൻ പദ്ധതികൾ ഉണ്ട് ;

(ബി) അവയുടെ പണികൾ നിർത്തിവെച്ചിരിക്കുകയാണോ എന്ന് അറിയിക്കുമോ ;

(സി) അവ ഓരോന്നിന്റെയും പണികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കും ;

(ഡി) പണി പൂർത്തിയാക്കുന്നതിൽ കാലതാമസം ഉണ്ടായതിന്റെ കാരണം എന്താണ് ?

ഉത്തരം

(എ) 274 എണ്ണം.

(ബി) തൃശ്ശൂർ ജില്ലയിൽ 4 പണികൾ വിവിധ കാരണങ്ങളാൽ നിറുത്തിവെച്ചിരിക്കുന്നു. മറ്റ് എല്ലാ ജില്ലകളിലും പണികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(സി) പ്രസ്തുത പണികൾ 2002 മാർച്ചിനുമുമ്പ് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിലാണ്.

(ഡി) ഫണ്ടിന്റെ അപര്യാപ്തതയാണ് പ്രധാന കാരണം.

ആലപ്പുഴ നഗരത്തിലെ കനാലുകൾ നവീകരിക്കുന്നതിനും സൗന്ദര്യവൽക്കരിക്കുന്നതിനും നടപടി

34 (259) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ നഗരത്തിലെ കനാലുകൾ നവീകരിക്കുന്നതിനും സൗന്ദര്യവൽക്കരിക്കുന്നതിനും വേണ്ടി എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ ; എന്തുതുക ഇതിനകം ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) കനാലുകൾ നവീകരിക്കുന്നതിനും സൗന്ദര്യവൽക്കരിക്കുന്നതിനുമായി ഏതെല്ലാം പദ്ധതികൾക്കാണ് സർക്കാരിന്റെ ഭരണാനുമതിയും ആവശ്യമായ മറ്റ് അനുമതികളും ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതികൾക്ക് എത്ര കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇത് സംബന്ധിച്ച് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതലസമിതിയുടെ യോഗതീരുമാനങ്ങൾ എന്തൊക്കെയാണ് ; യോഗതീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) കനാലുകൾ നവീകരിക്കുന്നതിനും സൗന്ദര്യവൽക്കരിക്കുന്നതിനുമായുള്ള പദ്ധതി ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(എഫ്) കാലതാമസം ഇല്ലാതാക്കി പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ആലപ്പുഴ നഗരത്തിലെ കനാലുകൾ നവീകരിക്കുന്നതിനും സൗന്ദര്യവൽക്കരിക്കുന്നതിനും വേണ്ടി വിവിധ വകുപ്പുകളെ സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു സമഗ്ര പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്. പ്രസ്തുത പദ്ധതിക്കുവേണ്ടി 'നാട്പാക്' തയ്യാറാക്കിയ 363.2 കോടി രൂപ ചെലവ് പ്രതീക്ഷിയ്ക്കുന്ന പ്രോജക്ട് റിപ്പോർട്ട് നബാർഡിന്റെ ആർ.ഐ.ഡി.എഫ്. 6 പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കുന്നതിനുവേണ്ടി ധനകാര്യവകുപ്പു വഴി നബാർഡിന് സമർപ്പിച്ചിരുന്നു. ഇതിന്റെ വെളിച്ചത്തിൽ മാഹി-വളപട്ടണം, ആലപ്പുഴയിലെ കനാലുകളുടെ നവീകരണം, ടി.എസ്. കനാലിന്റെ കോവളം മുതൽ കൊല്ലംവരെയുള്ള കനാലുകളുടെ വികസനം എന്നീ മൂന്നു പദ്ധതികൾക്കായി 20 കോടി രൂപ നബാർഡിൽ നിന്നും വായ്പയെടുക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്.

(സി) ആലപ്പുഴയിലെ കനാൽ നവീകരണം സംബന്ധിച്ച പദ്ധതിയ്ക്ക് ഏകദേശം 36.2 കോടി രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) ആലപ്പുഴ നഗരത്തിലെ കനാലുകളുടെ പുനരുദ്ധാരണം സംബന്ധിച്ച് 12-4-2000-ലും 14-6-2000-ലും എന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 14-6-2000-ൽ നടന്ന ചർച്ചയിൽ ഇറിഗേഷൻ വകുപ്പ് സെക്രട്ടറി കൺവീനറായും ലോക്കൽ സെൽഫ് ഗവൺമെന്റ്, ഫിനാൻസ്, ടൂറിസം അർബൻ ഡവലപ്പുമെന്റ് എന്നീ വകുപ്പുസെക്രട്ടറിമാർ അംഗങ്ങളായും ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനമെടുക്കുകയുണ്ടായി. അതനുസരിച്ച് രൂപീകരിച്ച മോണിറ്ററിംഗ് കമ്മിറ്റി 13-10-2000-ൽ യോഗം ചേർന്ന് ബന്ധപ്പെട്ട വകുപ്പുകളുടെ കീഴിൽ നടത്തേണ്ട ജോലികൾ സംബന്ധിച്ച് തീരുമാനമെടുക്കുവാൻ അതാത് വകുപ്പുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഇ&എഫ്) പദ്ധതി ചെലവിലേയ്ക്കാവശ്യമായ തുക നബാർഡിൽ നിന്നും ലഭ്യമാകുന്നതിനുള്ള കാലതാമസമാണ് പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് തടസ്സമായി നിൽക്കുന്നത്. ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly